**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3516** **08-10-2025 - ൽ മറുപടിയ്ക്ക്**

**ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ മഞ്ഞപ്ര വില്ലേജിന് സമീപം പൊതുജനം അനുഭവിക്കുന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിന് 10.09.2024-ന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിൻ പ്രകാരം എൽ.ആർ. (ജെ)7/9025/24 നമ്പർ ഫയലിൽ റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ മഞ്ഞപ്ര വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വന്നിരുന്ന പഴയ കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിൽ തന്നെ നീക്കം ചെയ്യാതെ നിൽക്കുന്നതായും, പഴയ മന്ദിരത്തിനോട് ചേർന്ന് മരം ഉണങ്ങി ശിഖരങ്ങൾ കാറ്റിൽ ഒടിഞ്ഞ് വീണ് കാട് പിടിച്ച്, ഇഴജന്തുക്കളുടേയും, സാമൂഹ്യവിരുദ്ധരുടേയും താവളമായി മാറിയ അവസ്ഥയാണെന്നും, എം.എൽ.എയുടെ വികസന ഫണ്ട് വിനിയോഗിച്ച് ടി സ്ഥലം ടൈൽ വിരിച്ച് കുറച്ച് വാഹന പാർക്കിങ്ങിനും, ബാക്കി ഭാഗം ആളുകൾക്ക് ഇരിക്കാൻ സൗകര്യത്തിൽ ഒരുക്കി ജംഗ്ഷൻ മനോഹരമാക്കണമെന്നതാണ് 10.09.2024-ന് ബഹു.എം.എൽ.എ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിലെ ആവശ്യം.<br><br>ടി വിഷയത്തിൽ എൽ.ആർ. (ജെ)7/9025/24 നമ്പർ ഫയലിൽ നിന്നും 26/09/2024-ന് എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ലഭ്യമായിട്ടുണ്ട്. |
| (ബി) | മേൽ വിഷയം സംബന്ധിച്ച് 12.02.2025-ലെ 1476-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് വകുപ്പുമന്ത്രി നൽകിയ മറുപടി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാൻഡ് റവന്യൂ കമ്മീഷണർ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ തുടർനടപടി സ്വീകരിച്ച് വരുന്നു. |
| (സി) | പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ജില്ലാ കളക്ടറടക്കമുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, തഹസിൽദാർ, മറ്റ് റവന്യൂ അധികാരികൾ ഉൾപ്പെടെ സ്ഥലം സന്ദർശനം നടത്തിയിട്ടും വിഷയത്തിൽ അനുകൂലമായോ പ്രതികൂലമായോ ഉള്ള മറുപടി | (സി) | ബഹു. എംഎൽ.എ യുടെ കത്തിൽ ഭൂമിയുടെ വിസ്തീർണ്ണമുൾപ്പെടെ ഭൂമി സംബന്ധമായ യാതൊരു വിവരങ്ങളും ലഭ്യമല്ലാത്തതിനാൽ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, ടി ഭൂമി റവന്യൂ വകുപ്പിന് മറ്റ് ആവശ്യങ്ങൾക്ക് ഉപയുക്തമാണോയെന്നതും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് |

| | | | |
|---|---|---|---|
| | നാളിതുവരെയായി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ; | | നൽകിയിരുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ ടി വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. നിലവിൽ ടി വിഷയത്തിൽ ജില്ലാ കളക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ തുടർനടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (ഡി) | ജനകീയ വിഷയങ്ങളിൽ ഉത്തരവാദിത്തപ്പെട്ട ജനപ്രതിനിധികൾ രേഖാമൂലം നൽകുന്ന വിഷയത്തിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തീരുമാനം കൈക്കൊള്ളാതെ താഴെത്തട്ടിൽ നിന്ന് റിപ്പോർട്ട് തേടുന്ന പ്രവണത തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | ഓരോ വിഷയങ്ങളിലും, പ്രത്യേകിച്ച് ഭൂമി സംബന്ധമായ വിഷയങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് താഴെത്തട്ടിൽ നിന്നുള്ള ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കേണ്ടതും വ്യക്തവും വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും അനിവാര്യമാണ്. മാത്രവുമല്ല ഭൂമി സംബന്ധമായ വിഷയങ്ങൾ ഓരോന്നിനും ബാധകമായ നിയമങ്ങളും ചട്ടങ്ങളും പൂർത്തീകരിക്കുന്നതിന് ആവശ്യമായ സമയപരിധി പാലിച്ച് നടപടി സ്വീകരിക്കേണ്ടതുമുണ്ട്. ആയതിനാൽ സമയനിഷ്ഠ പാലിച്ച് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഓരോ ഫയലും ഒരു ജീവിതമാണെന്നും എല്ലാ സംവിധാനവും സുതാര്യമാണെന്ന സർക്കാർ നിലപാട് നിലനിൽക്കെ പൊതുജനത്തിന്റെ ജീവനെ ബാധിക്കുന്ന വിഷയത്തിന് പരിഹാരം കാണുന്നതിനായി നൽകിയ പ്രസ്തുത അപേക്ഷയിൽ വകുപ്പിൽ നിന്നും മറുപടി നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഈ വിഷയത്തിൽ കമ്മീഷണർക്ക് നൽകിയ കത്ത് ബഹു.വകുപ്പുമന്ത്രി പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;? | (ഇ) | ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, ടി ഭൂമി റവന്യൂ വകുപ്പിന് മറ്റ് ആവശ്യങ്ങൾക്ക് ഉപയുക്തമാണോയെന്നതും സംബന്ധിച്ച ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട വിശദമായ റിപ്പോർട്ട് ലഭ്യമാകാത്തതിനാലാണ് വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുവാൻ സാധിക്കാതിരുന്നത് എന്നും ആയതിനാലാണ് ഇക്കാര്യത്തിൽ എം.എൽ.എ-ക്ക് മറുപടി നൽകാതിരുന്നത് എന്നുമാണ് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർക്കുണ്ടായ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. അംഗം ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ പരാതിയുടെ പകർപ്പ് ലഭ്യമാക്കി തുടർനടപടികൾക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ